"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഇ.എം.2/294/2018-ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്

തിരുവനന്തപുരം,

തീയതി: 02/07/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്-ജനപ്രതിനിധികൾക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:- 1. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 30.07.1996-ലെ G.O(M.S.)10/96/Plg നമ്പർ സർക്കാർ ഉത്തരവ്.

2. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീമിന്റെ 139/എഎ1/2018/ത.സ്വ.ഭ.വ. ഫയൽ പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

ഒൻപതാം പഞ്ചവത്സര പദ്ധതി കാലത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനകീയാസൂത്രണ പരിപാടിയിൽ ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാസ് കാമ്പയിൻ പ്രോഗ്രാം നടത്തുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പരിപാടികളിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾക്കും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം സൂചന (2) പ്രകാരം റിപ്പോർട്ട് നൽകുകയുണ്ടായി.

ഒൻപതാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശത്തിന് മാത്രമാണ് സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെങ്കിലും ആയത് നിലനിൽക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ

സ്ഥാപന തലത്തിൽ നടക്കുന്ന യോഗങ്ങൾക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ കൂടുതൽ വ്യക്തത വരുത്തണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിപാടികളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി പങ്കെടുക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ആവശ്യമെങ്കിൽ ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല പരിപാടി സംഘടിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കായിരിക്കുമെന്ന് വ്യക്തത വരുത്തുന്നു.

ആർ .എസ് .കണ്ണൻ

സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

തദ്ദേശ സ്വയംഭരണ (എ.എ.) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.